# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 6, No. 9 : സപ്തംബർ 2013**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

***ധർമ്മ വാണി***

*ധർമ്മ ജഗേ തോ സുഖ് ജഗേ,*
*സബ് വിധ മംഗല ഹോയ്,*
*അന്തർ കീ ഗാഠേം ഖുലേം,*
*മാനസ് നിർമ്മല ഹോയ്.*

ധർമ്മമുണർന്നാൽ സൗഖ്യമുണർന്നു,
എല്ലാവിധവും മംഗളമായ്,
അകത്ത് കെട്ടുകളഴിയട്ടെ,
മാനസം നിർമ്മലമായ്.

— **എസ. എൻ. ഗോയങ്ക**

# ചോദ്യോത്തരങ്ങൾ

**എസ. എൻ. ഗോയങ്ക**

*(ജീ-ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 44 ാം ഭാഗം)*

മംഗളമുണ്ടാകട്ടെ, നന്മയുണ്ടാകട്ടെ, സ്വസ്ഥത ഉണ്ടാകട്ടെ, മുക്തിയുണ്ടാകട്ടെ. പ്രേക്ഷരിൽ നിന്നും കുറച്ച് ചോദ്യം വന്നിട്ടുണ്ട്. വരൂ, നോക്കാം.

ചോദ്യം – വിപശ്യനയുടെ അർത്ഥമെന്താണ്?

ഇന്നത്തെ ഭാരതത്തിൽ ഈ ശബ്ദം വളരെ പുതിയതുപോലെ തോന്നുന്നു. പ്രാചീന ഭാരതത്തിൽ വളരെ പ്രചലിതമായ ശബ്ദമായിരുന്നു. പ്രാചീന ഭാഷയിൽ മനസ്സിലാക്കേണ്ടതുണ്ട് – 'പശ്യന' എന്നാൽ നോക്കുക എന്നർത്ഥം. കൂടാതെ നോക്കുക എന്നു പറഞ്ഞാൽ 'അനുഭവം ചെയ്യുക' എന്നാണ്. 'വിപശ്യന' എന്നാൽ വിശേഷരൂപത്തിൽ നോക്കുക, വിശേഷരൂപത്തിൽ അനുഭവം ചെയ്യുക, ഭോക്താ ഭാവത്തിലല്ല, നിഷ്പക്ഷ ഭാവത്തിൽ അനുഭവിക്കൽ. എന്താണ് അനുഭവം ചെയ്യുന്നത്? തന്നെപ്പറ്റി. സ്വന്തം ഉള്ളിൽ ഈ ശരീരവും ചിത്തത്തിനെയും പറ്റി ഏതൊരു സത്യങ്ങൾ പ്രകടമായി ക്കൊണ്ടിരിക്കുന്നോ അതിനെ നിഷ്പക്ഷഭാവത്തിൽ അനുഭവം ചെയ്ത് അറിയൽ. അതിന്റെ ഗുണധർമ്മ സ്വഭാവത്തെ അറിയൽ.

ചോദ്യം – വിപശ്യന സാധനയുടെ ലക്ഷ്യമെന്താണ്? ഓബ്ജക്ടീവ് എന്താണ്?

ലക്ഷ്യം ഒന്നുതന്നെയാണ് – അന്തർമുഖ നായി സ്വന്തം വികാരങ്ങളുടെ ജനനത്തെ അനുഭൂതികളാൽ അറിയൽ, അതിന്റെ സംവർദ്ധനത്തെ അനുഭൂതികളാൽ അറിയൽ കൂടാതെ മനുഷ്യന്റെ അന്തർമനസ്സിൽ ഏതൊരു സ്വഭാവം നിർമ്മിക്കപ്പെട്ടോ, ആ സ്വഭാവകുരുക്കിനെ മുറിക്കൽ. പഴയ സ്വഭാവം ഇതു തന്നെയാണ് – സുഖകരമായി തോന്നിയാൽ രാഗം ജനിപ്പിക്കുക ദുഃഖകരമെന്ന് തോന്നിയാൽ ദ്വേഷം ജനിപ്പിക്കുക. ഇപ്പോൾ അതിന്റെ യഥാർത്ഥ സ്വഭാവത്തെ നോക്കുകയാണ്. ഇത് അനിത്യമാണ്, നശ്വരമാണ്, ഭംഗുരമാണ്. അപ്പോൾ അതിനെപ്പറ്റിയുള്ള രാഗം ഇല്ലാതാകുന്നു, ദ്വേഷം ഇല്ലാതാകുന്നു, ചിത്തം നിർമ്മലമാകുന്നു കൂടാതെ നിർമ്മല ചിത്തം സദ്ഗുണങ്ങളാൽ നിറയപ്പെടുന്നു. സ്വന്തം നന്മയും ചെയ്യുന്നു, മറ്റുള്ളവർക്കും നന്മ ചെയ്യുന്നു.

ചോദ്യം – ഞാൻ സ്വന്തം ഇഷ്ടദേവന്റെ പൂജ ചെയ്യുന്നു, പാരായണവും നിത്യ കർമ്മമാണ്. വിപശ്യനയും ചെയ്യാൻ ആഗ്രഹിക്കുന്നു. ഇത് ചെയ്താൽ എന്റെ നിത്യ കർമ്മവും പാരായണവും വിട്ടു പോകുമോ?

ഇല്ല, ഇല്ല. ഇനി നിത്യ കർമ്മങ്ങളിൽ, പാരായണത്തിൽ, പൂജയിൽ ഒരു പരിവർത്തനം വരാൻ തുടങ്ങും. ഇത് തീർച്ചയായും സംഭവിക്കും. എങ്കിൽ ആദ്യ കാര്യമാകട്ടെ – വിപശ്യനയും, പൂജ പാരായണ തുടങ്ങിയവയുടെയും ഇടക്ക് ഏകദേശം അരമണിക്കൂറിന്റെ ഇടവേള കൊടുക്കേണ്ടതുണ്ട്. ഇത് മനസ്സിലാക്കണം. ഇടവേള കൊടുക്കുക തന്നെ വേണം. എത്ര എത്ര വിപശ്യനയിൽ പാകമായി ക്കൊണ്ടു പോകുമോ, പൂജയുടെ രീതി മാറും. മുമ്പ് പൂജ ഈ പ്രകരാത്തിലായിരിക്കാം ചെയ്തിരുന്നത് – എന്റെ ആഗ്രഹം പൂർത്തിയാകണം, എന്റെ ഈ ഇച്ഛ പൂർത്തിയാകണം. ഇപ്പോൾ അത് വിട്ടു പോകാൻ തുടങ്ങും. എന്നിട്ട് സ്വന്തം ഏതൊരു ഇഷ്ട ദേവനാണോ, ഇഷ്ടദേവിയാണോ, അവരുടെ ഗുണം ഓർമ്മവരും. എന്നിട്ട് ഈ പ്രേരണ ഉണരും. സ്വന്തം ഇഷ്ടദേവൻ അല്ലെങ്കിൽ ദേവിയെ സന്തോഷിപ്പി ക്കുന്നതിന് അത്തരം ഗുണങ്ങൾ ഞാൻ സ്വന്തം ജീവനിൽ കൊണ്ടുവരണം – ആ ജോലിയിൽ ഏർപ്പെടും. ചിലപ്പോൾ മുമ്പുള്ള പാരായണം ഏതെങ്കിലും ഒരു ആചാരാനുഷ്ഠാനത്തിന്റെ രൂപത്തിലായിരിക്കാം നടക്കുന്നത്. ഇപ്പോൾ

വിപശ്യന ചെയ്തതിനുശേഷം ആ പാരായണം ശരിക്കും മനസ്സിലാക്കിക്കൊണ്ടു പാരായണം ചെയ്തു കൊണ്ടും ഉള്ളിൽ സംവേദന അനുഭവമായി ക്കൊണ്ടിരിക്കുകയാണ് – ഉദയവ്യയം അനുഭവമായി ക്കൊണ്ടിരിക്കുകയാണ്. അപ്പോൾ കാണാം ഈ അനിത്യ ബോധം വാണിക്കൊപ്പം, ആ തരംഗങ്ങൾ – വാണിക്കൊപ്പം പുറത്തുവരികയാണ്. അപ്പോൾ വാതാവരണത്തിൽ ധർമ്മത്തിന്റെ തരംഗങ്ങൾ പരക്കും. എന്നിട്ട് അതിന്റെ ലാഭം ഉണ്ടാകും. ഈ പരിവർത്തനം വരാൻ തുടങ്ങും. നിറുത്തേണ്ട ആവശ്യമില്ല.

ചോദ്യം – വിപശ്യന ബൗദ്ധധർമ്മത്തിന്റെ സാധനയാണോ?

ധർമ്മം ഒരിക്കലും ബൗദ്ധനാകുകയേ ഇല്ല. അപ്രകാരം തന്നെ ധർമ്മം ഹിന്ദുവാകില്ല, ജൈനനാകില്ല, ക്രിസ്ത്യനാകില്ല, മുസ്ലിമാകില്ല, സിക്കാകില്ല. അപ്രകാരം തന്നെ ബൗദ്ധനാകാനും കഴിയില്ല. ധർമ്മമാകട്ടെ സാർവ്വജനീനമാണ്. ഏതെങ്കിലും ഒരു സമ്പ്രദായം വരെ ഒരു സമൂഹം വരെ ഒരു സംഘടന വരെ എങ്ങനെ സീമിതമാകും അതിനാൽ ധർമ്മം ബൗദ്ധധർമ്മമല്ല. ഏതെങ്കിലും വ്യക്തി ബുദ്ധനാകുമെങ്കിൽ ധർമ്മം പഠിപ്പിക്കുന്നു. ബൗദ്ധ ധർമ്മമല്ല. ഭഗവാൻ ഗൗതമബുദ്ധന്റെ വാണി, പതിനയ്യായിരം പേജിന്റെ അദ്ദേഹത്തിന്റെ വാണി അയൽരാജ്യങ്ങളിൽ സുരക്ഷിതമാണ്. ഭാരതത്തിൽ നിന്നും പോയി, ഭാരതത്തിൽ ലുപ്തമായി. എന്നാൽ അയൽരാജ്യങ്ങളിൽ, അഞ്ചു രാജ്യങ്ങളിൽ മുഴുവൻ വാണിയും സുരക്ഷിതമാണ്. അതിന്റെ പാരായണം ഏകദേശം നാല്പതുവർഷം മുമ്പ് ഉണ്ടായി. അപ്പോൾ കണ്ടു, മുഴുവൻ വാണിയും തീർത്തും ശുദ്ധം, ഒരിടത്തും ഒരാളും ഒന്നും തന്നെ കൂട്ടിച്ചേർത്തിട്ടില്ല, ഒന്നും തന്നെ എടുത്തു കളഞ്ഞിട്ടില്ല. എല്ലാറ്റിന്റെയും ഭാഷ പാലിയായിരുന്നു. ആ ദിനങ്ങളിൽ ഭഗവാൻ ബുദ്ധന്റെ മാതൃഭാഷ യായിരുന്നു. ലിപി എല്ലാവരുടെയും ഭിന്ന ഭിന്നമാണ്, ഉച്ചാരണം എല്ലാവരുടെയും ഭിന്ന ഭിന്നം. എന്നാൽ വാണി അതുതന്നെയാണ്. കൂടാതെ ഇവിടെ ഏതൊരു ഗവേഷണം ഉണ്ടായോ, അതിൽ കണ്ടു ഈ പതിനയ്യായിരം പേജിൽ ഒരിടത്തും 'ബൗദ്ധ' ശബ്ദം തിരഞ്ഞാൽ കാണില്ല. സ്വന്തം ഉപദേശത്തിൽ ഭഗവാൻ ബുദ്ധൻ ഒരിക്കലും 'ബൗദ്ധധർമ്മം' എന്നു വിളിച്ചില്ല. 'ധർമ്മം', 'ധർമ്മം', 'ധർമ്മം'. ഇതേ ശബ്ദത്തിന്റെ പ്രയോഗമുണ്ടായി. കൂടാതെ ഏതൊരു ജനങ്ങൾ ഈ വിദ്യയെ പഠിച്ചു കൊണ്ട് ഈ വഴിയിൽ നടക്കാൻ തുടങ്ങിയോ, അവർക്കു വേണ്ടിയും ബൗദ്ധ ശബ്ദം ഉപയോഗിച്ചില്ല തീർത്തും ചെയ്തില്ല. 'ധാർമ്മികനാണ്', ധർമ്മിഷ്ഠനാണ്, ധർമ്മിയാണ്, ധർമ്മചാരിയാണ്. ധർമ്മ വിഹാരിയാണ്, ധർമ്മാനുസാരിയാണ്', കഴിഞ്ഞു, ഈ അഞ്ചു ശബ്ദങ്ങൾ മാത്രമേ ഉപയോഗിച്ചുള്ളു. അതിനാൽ വിപശ്യന ധർമ്മത്തിന്റെ സാധനയാണ്. ഏതെങ്കിലും സമ്പ്രദായ വിശേഷത്തിന്റെയല്ല. ഈ കാര്യം മനസ്സിലാക്കേണ്ടതുണ്ട്.

ചോദ്യം – ധർമ്മം സമ്പ്രദായം ഇവയുടെ വ്യത്യാസം ദയവുചെയ്ത് സ്പഷ്ടമാക്കിയാലും.

നല്ല ചോദ്യമാണ്. കഴിഞ്ഞ പ്രവചനങ്ങളിൽ ഇതുതന്നെയാണ് മനസ്സിലാക്കിച്ചു കൊണ്ടിരുന്നത്. ധർമ്മം സാർവ്വജനീനമാണ്. എല്ലാവരുടെയും ആണ്. അതിനാൽ അപരിമിതമാണ്. പ്രകൃതിയുടെ നിയമത്തെയാണ് ധർമ്മമെന്ന് വിളിച്ചത്; വിശ്വത്തിന്റെ വ്യവസ്ഥയെയാണ് ധർമ്മമെന്ന് വിളിച്ചത്, ഭാരതത്തിലെ പുരാതന ഭാഷയിൽ ഋത് എന്നാണ് വിളിച്ചത്, ധർമ്മനിയാമതയെന്നാണ് വിളിച്ചത്, ഇത് നിയമമാണ്. ഈ നിയമം എല്ലാവർക്കും ബാധകമാണ്. കൂടാതെ നിയമം ഇതുതന്നെയാണ്, സ്വന്തം മനസ്സിനെ മലിന മാക്കിയാൽ, വികാരം ഉണർത്തിയാൽ അപ്പോൾ ഉടൻതന്നെ ശിക്ഷ ലഭിക്കുന്നു. സ്വന്തം മനസ്സിനെ അഴുക്കിൽ നിന്നും മുക്തമാക്കുന്നു, വികാരങ്ങളിൽ നിന്നും മുക്തമാക്കുകയാണെങ്കിൽ ഉടൻ തന്നെ പുരസ്കാരം ലഭിക്കാൻ തുടങ്ങുന്നു. ഈ കാര്യം എല്ലാവർക്കും ബാധകമാണ്. അതിനാൽ ഏതൊന്ന് എല്ലാവർക്കും ബാധകമാണോ, അത് ധർമ്മമാണ്. ശീലത്തിന്റെ പാലനം ചെയ്യൽ ധർമ്മമാണ്, വിശ്വധർമ്മമാണ്, സമാധി വഴി ചിത്തത്തെ ഏകാഗ്രമാക്കൽ, അതും ഏതെങ്കിലും സമ്പ്രദായ വുമായി ബന്ധമില്ലാത്ത അത്തരം ആലംബനത്താൽ – സാർവ്വജനീനമായ ആലംബനമാകണം – അതിന്റെ സഹായത്താൽ മനസ്സിനെ ഏകാഗ്രമാക്കൽ – സമാധി – ഇത് ധർമ്മം. സ്വന്തം ജ്ഞാനം ഉണർത്തിക്കൊണ്ട് സ്വന്തം മനസ്സിന്റെ വികാരങ്ങളെ വേരൊടെ നീക്കം ചെയ്യൽ – അതും സാർവ്വ ജനീനമായ അത്തരം ആലംബനത്താൽ – ശരീരവും ചിത്തവും – ഇത് രണ്ടിന്റെയും സമ്പർക്കത്താൽ ഉണ്ടാകുന്ന സംവേദനകളുടെ ആധാരത്തിൽ സ്വന്തം ചിത്തത്തെ നിർമ്മലമാക്കൽ സാർവ്വജനീനമാണ്.

അതിനാൽ ശീലം, സമാധി, പ്രജ്ഞ – ഇവ സാർവ്വജനീനമാണ്, ഇവയുടെ അതിരിക്തമായ എത്ര കാര്യങ്ങളുണ്ടോ – ഏതെങ്കിലും വ്രത ഉപവാസ മുണ്ട്, ഏതെങ്കിലും ദർശനവിശ്വാസമുണ്ട്, അത് ഭിന്ന ഭിന്നമാകാവുന്നതാണ്. ധർമ്മമാണെങ്കിൽ സാർവ്വ ജനീനമാകും. കൂടാതെ അതിനെ ധാരണം ചെയ്യുന്നതിന് ആർക്കും ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ഹിന്ദുവായാലും, ബൗദ്ധനായാലും, ജൈനായാലും, ക്രസ്ത്യനായാലും, പാർസിയായാലും, മുസ്ലീം ആയാലും, എല്ലാ വ്യക്തിക്കും വളരെ എളുപ്പത്തിൽ അതിനെ ഗ്രഹണം ചെയ്യാൻ സാധിക്കും, കൂടാതെ ചെയ്യുന്ന. തപോഭൂമികളിൽ എല്ലാ സമ്പ്രദായ ത്തിലുമുള്ള ജനങ്ങൾ, എല്ലാ പരമ്പരയിലുമുള്ള ജനങ്ങൾ, എല്ലാ വിശ്വാസത്തിലുമുള്ള ജനങ്ങൾ ആയിരക്കണക്കിന് വരുന്നുണ്ട് എന്നിട്ട് ജോലി ചെയ്യുന്നുണ്ട്. അതേ പരിണാമമാണ് ലഭിക്കുന്നത്. ഇത് ധർമ്മമാണ്.

ചോദ്യം – ഈ സമയത്ത് ഭയങ്കരമായ മയക്കുമരുന്നിന് അടിമയാകുന്ന സമസ്യയുണ്ട്, വിപശ്യനവഴി ഇതിനെ ഇല്ലാതാക്കാൻ കഴിയുമോ?

തീർച്ചയായും കഴിയുന്നതാണ്. അഡിക്ഷൻ എന്താണ്? പുറമെപുറമെ ഇപ്രകാരം തോന്നാം, ഈ വ്യക്തിക്ക് ഡ്രഗ്ഗ് അഡിക്ഷൻ ആണ്, ചിലർക്ക് അൽക്കഹോൾ അഡിക്ഷനാണ്, ചിലർക്ക് ടൊബാക്കൊ അഡിക്ഷനാണ്. ഈ അഡിക്ഷൻ യഥാർത്ഥത്തിൽ നമ്മുടെ ശരീരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംവേദനകളോടാണ്. ആരെങ്കിലും ഡ്രഗ്ഗ് എടുക്കുകയാണെങ്കിൽ ശരീരത്തിൽ ഒരു തരത്തിലുള്ള സംവേദന ഉണ്ടാകുന്നു. അത് അയാൾക്ക് വളരെ പ്രിയമായി തോന്നുന്നു. അപ്പോൾ ആഗ്രഹിക്കുകയാണ്, ഓ, ഈ സംവേദന വീണ്ടും ഉണ്ടാകണം. അപ്പോൾ വീണ്ടും

എടുക്കുന്നു. ആഗ്രഹിക്കുകയാണ്, ഇത്തരം സംവേദന വീണ്ടും ഉണ്ടാകണം, വീണ്ടും എടുക്കുന്നു. ഇതേ കാര്യം അൽക്കഹോളിന്റെ യുമാണ്. ഇതേ കാര്യമാണ് ടൊബാക്കൊവിന്റെയും. ഇതുതന്നെയാണ് എല്ലാ തരത്തിലുമുള്ള അടിമ ത്വത്തിന്റെയും കാര്യം. അടിമത്വമാകട്ടെ – ക്രോധത്തിനോടും അടിമത്വമുണ്ട്, രാഗത്തിനോടും അടുമത്വമുണ്ട്, കാമവാസനയോട് അടിമത്വം, ഭയത്തോട് അടിമത്വം, അഹങ്കാരത്തോട് അടിമത്വം, വീണ്ടും വീണ്ടും വീണ്ടും അതിന്റെ സംവേദന ഏതൊന്നുണ്ടോ, അതിനെ വീണ്ടും നേടാൻ ആഗ്രഹിക്കുന്നു. അതിന്റെ അനുഭവം ചെയ്യാൻ ആഗ്രഹിക്കുന്നു, അതിനെ ഭോക്താ ഭാവത്താൽ അനുഭവിക്കാൻ ആഗ്രഹിക്കുന്നു കൂടാതെ അതുതന്നെയാണ് ചെയ്തുകൊണ്ടുപോകുന്നത്, ചെയ്തു കൊണ്ടേ പോകുന്നത്.

വിപശ്യനവഴി ഇതേ സംവേദനകളെ നോക്കി നോക്കി നോക്കി ഇവക്ക് നേരെ അനാസക്തഭാവം വരും, ദൃഷ്ടാഭാവം വരും, സാക്ഷിഭാവം വരും, നിസ്സംഗ, നിർലിപ്തമായിരിക്കാനുള്ള ഭാവം വരും. ഇതിന്റെ പ്രയോഗമാണ് നടക്കുന്നത്. ഇവിടെയും ഉണ്ടായിട്ടുണ്ട്. അന്യ ദേശങ്ങളിലും ഉണ്ടായിട്ടുണ്ട്. ആസ്ട്രേലിയൻ സർക്കാരും ഇതിലേക്ക് ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രയോഗവും നടക്കുന്നുണ്ട്. അവിടെ ജർമ്മനിയുടെ സർക്കാരും ഇതിലേക്ക് ശ്രദ്ധ കൊടുത്തിട്ടുണ്ട്, കൂടാതെ പ്രയോഗം നടക്കുകയാണ്. നല്ല പരിണാമമാണ് വരുന്നത്. ജോലി ചെയ്യേണ്ടതുണ്ട്. വളരെ പ്രയത്നം ചെയ്യേണ്ടതുണ്ട്. എന്നാൽ ഇതിന്റെ ലാഭം തീർച്ചയായും വരുന്നു, നിശ്ചിതരൂപത്തിൽ വരുന്നു. സമയമാകുമ്പോഴാകും വരിക.

ചോദ്യം – വിപശ്യനയുടെ സാധനയിൽ താങ്കൾ വീണ്ടും വീണ്ടും ആസക്തി മുക്തിയുടെ കാര്യം പറയുന്നു അഥവാ ആസക്തിയിൽ നിന്നും മുക്തനായാൽ ഭൗതിക മുന്നേറ്റം എങ്ങനെ യുണ്ടാകും? നമ്മൾ വ്യക്തിരൂപത്തിലും പുറകി ലാകും; കൂടാതെ ദേശവും പുറകിലാകും.

വളരെ വലിയ ഭ്രമമാണ്, എന്തെന്നാൽ അനാസക്തനായി ജോലി ചെയ്യാൻ തന്നെ മറന്നുപോയി. ഈ വിദ്യതന്നെ മറന്നുപോയി. ഭഗവാൻ ബുദ്ധന്റെ സമയത്ത് എത്രയോ ജനങ്ങൾ ഗൃഹസ്ഥരായിരുന്നു. അവർ ഈ വിദ്യയുടെ കാരണത്താൽ സ്വന്തം ഗൃഹസ്ഥ ജീവിതം എപ്രകാരത്തിലാണ് നല്ലരീതിയിൽ നിർവ്വഹിച്ചു വന്നത്. വ്യാപാരി, വ്യാപാരം ചെയ്യുന്നവർ, ആ സമയത്തെ വളരെ ധനാഢ്യർ, അനാഥപിണ്ഡക നെപ്പോലെ വിശാഖാ മാതാ, കൂടാതെ അവരുടെ കുടുംബക്കാർ, അവർ സ്വന്തം ജോലി – വ്യാപാരം ഉപേക്ഷിച്ചില്ല ജോലി – വ്യാപാരം ചെയ്തു കൊണ്ടിരുന്നു, അവരുടെ സമൃദ്ധി വർദ്ധിച്ചു കൊണ്ടിരുന്നു. ജോലി ചെയ്യാനുള്ള ക്ഷമത വർദ്ധിക്കുന്നു. എപ്പോൾ വ്യക്തി കേവലം തനിക്കായിക്കൊണ്ട് – ഞാൻ, എന്റെ, ഞാൻ എന്റെ – ഈ ഭാവത്തിൽ ജോലി ചെയ്യുന്നുവോ, ആസക്തനായി ജോലി ചെയ്യുന്നു. അപ്പോൾ ഉള്ളിൽ ഉള്ളിൽ വലിയ വ്യാകുലത ഉണ്ടാകുന്നു. ജോലി ചെയ്യുന്നു – ഒരു ആസക്തിയുണ്ട്, അതുമൂലം ജോലി ചെയ്യുന്നു എന്നാൽ സംഘർഷപൂർവ്വമാണ് ചെയ്യുന്നത്. ഉള്ളിൽ നിന്നു മനസ്സിൽ ഇത്ര വേദനയുണ്ട്, വ്യാകുലതയുണ്ട്. മനസ്സിൽ മേഘാവൃതമായതുപോലെ – ശരിക്കും നിർണ്ണയവും എടുക്കാൻ സാധിക്കുന്നില്ല. ജോലി ചെയ്യുന്നുണ്ട്.

വിപശ്യനവഴി മനസ്സ് നിർമ്മലമാകും, അപ്പോൾ ഞാൻ എന്റെ എന്നതിനല്ല – ഞാൻ തനിക്കും, സ്വന്തം കുടുംബത്തിനും, ഏതൊരു ജനങ്ങൾ എന്നിൽ ആശ്രിതരാണോ, അവരുടെ പോഷണത്തിനും – എനിക്ക് ധനം ആർജ്ജി ക്കേണ്ടതുണ്ട്. ഗൃഹസ്ഥനായതിനാൽ തെറ്റായ കാര്യമല്ല. എന്നാൽ ഒപ്പം ഒപ്പം ലക്ഷ്യം ഉണ്ടാകും എന്തെന്നാൽ കേവലം എനിക്കായിട്ടല്ല. ഞാൻ ഏതൊന്ന് ചെയ്യുന്നുണ്ടോ, അതിനാൽ – എന്റെയും മംഗളം, സമൂഹത്തിന്റെയും മംഗളം. എന്റെയും നന്മ കൂടാതെ സമൂഹത്തിന്റെയും നന്മ. അപ്പോൾ ഈ ഉള്ളിൽ നിന്ന് ഏതൊരു സംഘർഷമുണ്ടോ, അത് ഇല്ലാതായിക്കൊണ്ടു പോകും. സംഘർഷമില്ലാതെ ജോലി ചെയ്യും. ചിത്തം നിർമ്മലമാകും. അപ്പോൾ ഏതൊരു നിർണ്ണയമുണ്ടാകുമോ ആ നിർണ്ണയം വേഗത്തിലാകും, ശരിയായ നിർണ്ണയമാകും. ഒരു വ്യക്തി ഏതൊരു ചുമതലയുടെ ജോലി ചെയ്യുകയാണെങ്കിലും അവൻ കാണും – സർക്കാരി ഓഫീസറാണെങ്കിലും ശരി, വ്യാപാരം ചെയ്യുന്ന വനാണെങ്കിലും ശരി, വ്യവസായം ചെയ്യുന്ന വനാണെങ്കിലും ശരി. – കാണാം ഇപ്പോൾ അവന്റെ ജോലി ചെയ്യുന്നതിനുള്ള ക്ഷമത എത്ര വർദ്ധിച്ചു കൊണ്ടുപോകുന്നു. പരിണാമം എത്ര നല്ലതാണ് വരുന്നത്.

വിപശ്യനയുടെ തന്നെ ഒരു രൂപം ജപ്പാനിൽ നടക്കുന്നുണ്ട്, സെൻ സാധനയുടെ രൂപത്തിൽ, ദേശം എത്ര സമൃദ്ധമാണ്. കൊറിയയിൽ നടക്കുന്നുണ്ട്, ദേശം എത്ര സമൃദ്ധമാണ്. തായ്വാനിൽ നടക്കുന്നുണ്ട്, ദേശം എത്ര സമൃദ്ധമാണ്. തയ്‌ലാൻഡിൽ നടക്കുന്നുണ്ട്. നമ്മളുടെതിൽ നിന്നും അതും എത്ര സമൃദ്ധമായിക്കൊണ്ടാണ് പോകുന്നത്. സമൃദ്ധിയിൽ നിന്നും ദൂരെയാക്കില്ല. ശരിക്കും സമൃദ്ധി ഉണ്ടാകും എന്നാൽ ഉള്ളിൽ നിന്നും സുഖത്തിന്റെയും ശാന്തിക്കും ഒപ്പം ഉണ്ടാകും. സമൃദ്ധിയുണ്ട് എന്നാൽ ഉള്ളിൽ ശാന്തിയില്ല, ആ സമൃദ്ധികൊണ്ട് നമുക്ക് എന്തു ഉപകാരം? ധർമ്മം ഒപ്പം ഉണ്ടാകണം. വിപശ്യന ഒപ്പമുണ്ടാകണം, അപ്പോൾ ദേശം വളരെ സമൃദ്ധമാകും. അപ്പോൾ സുഖശാന്തിയുടെ ഭണ്ഡാരം ഉണ്ടാകും.

ചോദ്യം – മനുഷ്യന്റെ വികാസത്തിൽ സമ്പ്രദായത്തിന്റെ, സമൂഹത്തിന്റെ, ജാതിയുടെ സംഘടനകൾക്ക് എന്തെങ്കിലും ഉപകാരം ചെയ്യാൻ സാധിക്കുമോ?

തീർച്ചായും ചെയ്യാൻ സാധിക്കും എന്നാൽ ഇവയെ ധർമ്മമെന്നു വിളിക്കരുത്. ധർമ്മം എന്നു വിളിച്ചാൽ ഭാവാവേശം ഉണരും. – അപ്പോൾ ഏതൊരു തെറ്റായ കാര്യം – ചെയ്യരുതായിരുന്നോ, ആ ഭാവാവേശത്തിൽ ചെയ്തു പോകും. സ്വന്തം ഹാനിയും ചെയ്യും, മറ്റുള്ളവർക്കും ഹാനി ചെയ്യും. ഒരു സമാജമാണ്, ഒരു സംഘടനയാണ്, ഒരു സമൂഹമാണ്. ഒരു സമുദായമാണ്. സ്വന്തം സ്വന്തം പരമ്പരയുടെ പർവ്വം ആഘോഷിക്കുന്നു, ഉത്സവം ആഘോഷിക്കുന്നു, സാമൂഹിക വിനോദങ്ങൾ കൊണ്ടാടുന്നു, കൂടാതെ ഇവക്കൊപ്പം തന്നെ സ്വന്തം മാനവീയ അധികാരങ്ങളുടെ രക്ഷയും ചെയ്യുന്നു.

സംഘടിതമായി സ്വന്തം മാനവീയ അധികാരങ്ങളുടെ സുരക്ഷ ചെയ്യൽ ദോഷമായ കാര്യമല്ല, എന്നാൽ മറ്റ് ഏതെങ്കിലും സമാജത്തിലെ ജനങ്ങളെ – നമ്മൾ നമ്മുടെ പർവ്വം ആഘോഷിച്ചുകൊണ്ട് അവരുടെ ഹൃദയത്തിന് മുറിവേൽപ്പിക്കരുത്. ഇതിനായി വളരെ ഉണർവ്വോടെ ഇരിക്കേണ്ടതുണ്ട്. അതിനാൽ വിപശ്യന ഒപ്പം കൂട്ടിയിരിക്കുകയാണ്, ധർമ്മം ഒപ്പം ചേർന്നിരിക്കുകയാണെങ്കിൽ ഒരിടത്തും ഒരു ഹാനിയും ഉണ്ടാകില്ല. അതില്ലെങ്കിൽ ഭാവാവേശം ഉണർത്തി ക്കൊണ്ട് സ്വന്തം ഹാനിയും ചെയ്യും, മറ്റുള്ളവരുടെയും ഹാനി ചെയ്യും.

ചോദ്യം – എപ്പോൾ ജോലി ചെയ്യുന്നോ. പ്രത്യേകിച്ച് വ്യക്തിക്കൾക്കൊപ്പം ജോലി ചെയ്യേണ്ടിവരുന്നോ, അപ്പോൾ സാധാരണയായ സംഘർഷം, ടെൻഷൻ ആയിത്തീരുന്നു ഇതിൽ നിന്ന് എങ്ങനെ മുക്തി നേടാം

ഇതിൽ നിന്ന് വിടുതൽ നേടുന്നതിനു തന്നെയാണ് വിപശ്യന ചെയ്യുന്നത്. എപ്പോൾ വളരെ സംഘർഷമുണ്ടാകുമോ അപ്പോൾ വ്യക്തിക്ക് തോന്നുന്നത് – ഇത് ശരീരത്തിന്റെ പിരിമുറുക്കമാണ്, അല്പം വിശ്രമിക്കുന്നു. അല്പം പിരിമുറുക്കം അകലുന്നു. അല്ലെങ്കിൽ മനസ്സിനെ വേറെ ഏതെങ്കിലും കാര്യത്തിൽ ഏർപ്പെടുത്തുന്നു, സ്വന്തം മനസ്സിനെ ഈ ജോലിയിൽ, ആ ജോലിയിൽ ഏർപ്പെടുത്തുന്നു. പിരിമുറുക്കം അകന്നതുപോലെ തേന്നുന്നു. പോയിട്ടില്ല. പുറമെ പുറമെ നിന്നു പോയി. ഉള്ളിൽ ബന്ധനം തന്നെ ബന്ധനം പിരിമുറുക്കം തന്നെ പിരിമുറുക്കം. ഇത്ര ബന്ധന സ്ഥമായ മാനസ്സമായിരക്കുകയാണ്. വ്യാകുലത തന്നെ വ്യകുലത. വിപശ്യന അംശം വരെയുള്ള പിരിമുറുക്കം ഇല്ലാതാക്കും. ബന്ധനസ്ഥമായ മനസ്സിന്റെ മുഴുവൻ ബന്ധനങ്ങളും അഴിച്ച് നിർമ്മലമാക്കും. പിന്നെ എത്ര വേണമെങ്കിലും ജോലി ചെയ്യാം, ക്ഷീണം വരില്ല, ഊർജ്ജ ഉണ്ടാകും. വലിയ ഫ്രെഷ്നസ്സ് ഉണ്ടാകും, വലിയ ഉന്മേഷം ഉണ്ടാകും. 8–10 മണിക്കൂർ ജോലി ചെയ്തതിനു ശേഷവും ഇങ്ങനെ മനസ്സിൽ ആഗ്രഹമുണ്ടാകും – കുറച്ചുകൂടി ചെയ്യണം, കുറച്ചുകൂടി ചെയ്യണം. അതിനാൽ പിരിമുറുക്കം നീക്കുന്നതിനു തന്നെയാണ് ഈ സാധന. വേരുകൾവരെ പിരിമുറുക്കം നീക്കുന്നു.

ചോദ്യം – വിപശ്യനയുടെ ശിബിരം ജയിലുകളിൽ നടന്നുക്കൊണ്ടിരിക്കുകയാണ്, കുറ്റ വാളികളിൽ പരിവർത്തനവും വരുന്നുണ്ട്, ഈ ജയിൽ കുറ്റവാളികളിൽ പീഢിപ്പിക്കപ്പെട്ട ആ ജനങ്ങൾ, അവർക്കായും താങ്കളുടെ ഏതെങ്കിലും കാര്യക്രമം ഉണ്ടോ – അവരുടെ കണ്ണീരിനെ എങ്ങനെ ഇല്ലാതാക്കാം?

വളരെ നല്ല ചോദ്യമാണ്. ഈ വിദ്യ മുഴുവൻ സമൂഹത്തിലും പരക്കാൻ തുടങ്ങിയാൽ മുഴുവൻ ദേശത്തിലും പരക്കാൻ തുടങ്ങിയാൽ, പണ്ടുണ്ടായ പോലെതന്നെ – ഈ അപരാധികളാൽ പീഢി ക്കപ്പെട്ട ആ ജനങ്ങൾ, ഈ വിപശ്യനവഴി തന്നെ സ്വന്തം വേദനയിൽ നിന്നും മുക്തമാകും.

ഒരു വലിയ കാര്യം കൂടി സംഭവിക്കും, ഇപ്പോൾ വിപശ്യന ചെയ്തിട്ടില്ല, എന്നാലും ഞാൻ കാണുന്നുണ്ട്, എപ്രകാരമാണ് അവരും വേദനയിൽ നിന്ന് മുക്തമാകുന്നത്. ഒരു സംഭവം സംഭവിച്ചു. ഏതോ ഒരു ജയിലിൽ ഒരു വ്യക്തി രണ്ടു പേരെ കൊന്നു എന്നിട്ട് കോടതിയിൽ പൊരുതുകയാണ്. ഞാൻ ഒരു കൊലയും ചെയ്തിട്ടില്ല. സ്വന്തം രക്ഷക്കായി എല്ലാതരത്തിലുള്ള സാക്ഷികളെ കൊടുക്കുകയാണ്, ഇങ്ങനെ ഇങ്ങനെയാണ്. കോഴ്സിലൂടെ എപ്പോൾ കടന്നു പോയോ, വിപശ്യനയിലൂടെ കടന്നുപോയി, അപ്പോൾ എല്ലാം തന്നെ മാറി. അയ്യോ, ഞാൻ ഇത്ര വലിയ അപരാധം ചെയ്തു. കിട്ടട്ടെ, എനിക്ക് ഏതൊരു ശിക്ഷ കിട്ടണോ കിട്ടട്ടെ. കൂടാതെ കരുണ ഉണരുന്നു, മൈത്രി ഉണരുന്നു, അവരെ രണ്ടുപേരെയുംപ്പറ്റി, ആ വിധവകളെപ്പറ്റി, അവരുടെ ഭർത്താവിനെയാണ് ഇയാൾ കൊന്നത്. അവർക്ക് കത്തെഴുതുകയാണ് ഇന്നു മുതൽ നിങ്ങൾ രണ്ടു പേരും എന്റെ സഹോദരിമാരാണ്. ഞാൻ വലിയ അപരാധം ചെയ്തു. നിങ്ങൾക്ക് വലിയ ദുഃഖം തന്നു. ഇന്നു മുതൽ നിങ്ങളെ നോക്കാനുള്ള, നിങ്ങളുടെ കുടുംബത്തിനെ നോക്കാനുള്ള മുഴുവൻ ഉത്തരവദിത്വം എന്റെയാണ്. എന്നിട്ട് സ്വന്തം കുടുംബത്തിന് എഴുതുകയാണ്, എല്ലാ മാസവും അവർക്ക് രണ്ടുപേർക്കും ഇത്ര ആയിരം രൂപ മുടങ്ങാതെ എത്തിച്ചു കൊണ്ടിരിക്കുക. ധനികനായ വ്യക്തിയാണ്, തുടർച്ചയായി എത്തിച്ചുകൊണ്ടി രിക്കുകയാണ്. ഇവർ എന്റെ സഹോദരിമാരാണ്. അയാളുടെ മനസ്സിൽ എത്ര വലിയ മാറ്റമാണ് വന്നത്. ദുഃഖമുണ്ട്, ഈ വ്യക്തി എന്റെ ഭർത്താവിനെ വധിച്ചു, അവനെപ്പറ്റി എത്ര വലിയ ദേഷ്യം, എത്ര വെറുപ്പ്, എങ്ങനെ മാറിപ്പോയി. രക്ഷാ ബന്ധനത്തിന്റെ ഉത്സവം വരുന്നു, അവർ രണ്ടു പേരും ജയിലിൽ വന്ന് അയാളുടെ കൈയ്യിൽ രാഖി കെട്ടുന്നു. മൂന്നു പേരുടെയും കണ്ണിൽ കണ്ണീരൊഴുകുന്നു. അയ്യോ, ഹൃദയം പരിവർത്ത നമായില്ലേ. ധർമ്മമാകട്ടെ ജനങ്ങളുടെ ഹൃദയത്തെ പരിവർത്തനം ചെയ്യുന്നു, ആഴങ്ങളിൽ ചെയ്യുന്നു. ഏറ്റവും വലിയ നന്മ, പ്രത്യക്ഷ നന്മ ഉണ്ടകുകയാണെങ്കിൽ നന്മയാണ്.

അടുത്ത പ്രശ്നത്തെ നോക്കാം: എപ്പോൾ ഇന്ദ്രിയങ്ങൾ ജോലി ചെയ്യുന്നത് നിറുത്തുമോ, അപ്പോൾ ഇന്ദ്രിയാതീത അവസ്ഥയുടെ അനുഭൂതി ആരാണ് ചെയ്യുന്നത്? ദയവു ചെയ്ത് ഇതിനെ മനസ്സിലാക്കാമോ?

വളരെ സാധാരണ ചോദ്യമാണ്, വീണ്ടും വീണ്ടും വരയാറുണ്ട്. ആ ഇന്ദ്രിയാതീത അവസ്ഥ അത്തരത്തിലാണ്, അതിന്റെ അനുഭൂതി ഉണ്ടായ തിനു ശേഷം അതിനെപ്പറ്റി ഒന്നും തന്നെ പറയാൻ സാധിക്കില്ല. വളരെ വലിയ പരിവർത്തനം വന്നു. ഇനി – ആരാൽ ചെയ്യപ്പെട്ടോ, ആര് ചെയ്തോ, അത് ആരാണ് എന്താണ്? വീണ്ടും അതിന്റെ പേരിൽ ഒരു ദർശനശാസ്ത്രം ആയിത്തീരും. വീണ്ടും തർക്കങ്ങൾ തുടങ്ങും. അതിനാൽ അതിനെപ്പറ്റി മൗന മായിരിക്കുന്നതു തന്നെ നല്ലത്. എല്ലാ വ്യക്തിയും അനുഭവിച്ചു നോക്കട്ടെ. എപ്രകാരമാണ്, അതിന്ന് ലാഭമെന്തുണ്ടായി, അത് മംഗളത്തിന്റെ കാര്യമാണ്. ഏതെങ്കിലും തരത്തിലുള്ള വിവാദത്തിൽ പെട്ടുകൊണ്ട് ഏതെങ്കിലും അത്തരം ഉത്തരം കൊടുത്താൽ അത് ഏതെങ്കിലും ദർശന വിശ്വാസത്തെ സ്ഥാപിക്കും, അല്ലെങ്കിൽ സ്ഥാപി ക്കപ്പെട്ട ദർശന വിശ്വാസത്തെ പ്രബലമാക്കും. അത് നമ്മുക്ക് പ്രയോജനമില്ല. അതിനാൽ അതിൽ നിന്ന് രക്ഷപ്പെടണം.

ചോദ്യം – താങ്കളുടെ സ്വന്തം ദർശനം എന്താണ്? താങ്കൾ ഏത് ദർശനം അല്ലെങ്കിൽ തത്വശാസ്ത്രത്തിലാണ് വിശ്വസിക്കുന്നത്?

വിപശ്യനയും ചെയ്യുന്നു എന്നിട്ട് ഏതെങ്കിലും തത്വശാസ്ത്രത്തിലും വിശ്വസിക്കുക യാണ്, എങ്കിൽ സഹോദരാ, വിപശ്യന ചെയ്തിട്ടില്ല. തീർത്തും ചെയ്തിട്ടില്ല. വിപശ്യന, ഇത് ധർമ്മമാണ്, ഈ സാധന നമ്മളെ മുഴുവൻ തത്വശാസ്ത്രത്തിൽ നിന്നും മുന്നോട്ടു കൊണ്ടു പോകുന്നു. തത്വശാസ്ത്രമാകട്ടെ, സാമാന്യ അവസ്ഥയിൽ, സാധാരണ അവസ്ഥയിൽ ഏതെങ്കിലും കല്പന യുടെ ആധാരത്തിൽ, അല്ലെങ്കിൽ ഏതെങ്കിലും അനുഭവം ഉണ്ടായിട്ടുണ്ടെങ്കിൽ, ഏതെങ്കിലും ചെറിയ പ്രാഥമിക അനുഭവമുണ്ടായിട്ടുണ്ടെങ്കിൽ, അതിന്റെ ആധാരത്തിൽ ഏതെങ്കിലും ഫിലോസഫി നിർമ്മക്കപ്പെടുന്നു, അതിന്റെ സംവർദ്ധനം ഉണ്ടാകുന്നു. അതിനെപ്പറ്റി വാദ-വിവാദം ഉണ്ടാകുന്നു. എന്നാൽ എത്ര എത്ര അന്തർമുഖനായി സത്യത്തെ നോക്കികൊണ്ടു പോകുന്നോ, അയ്യോ, ഇത് നശ്വരമാണല്ലോ ഭംഗുരമാണല്ലോ, ഏതു കുരുക്കിലാണ് പെട്ടത്, അപ്പോൾ മുഴുവൻ തത്വശാസ്ത്രത്തിൽ നിന്നും മുന്നോട്ടു പോകുന്നു. അതിൽ നിന്നും പുറത്തുപോകുന്നു. തത്വശാസ്ത്രം, ധർമ്മത്തിന്റെ മാർഗ്ഗത്തിൽ നടക്കുന്ന ധർമ്മചാരിക്ക് ഒരു തടസ്സമാണ്. അതിനാൽ അവൻ രക്ഷപ്പെടുക തന്നെ ചെയ്യും.

ചോദ്യം – ആസ്തികൻ, നാസ്തികൻ ഇതിന്റെ ശരിയായ അർത്ഥം എന്താണ്?

പുരാതന ഭാരതത്തിൽ, ഇന്ന് ആസ്തികൻ, നാസ്തികന്റെ ഏതൊരു അർത്ഥമുണ്ടായിരുന്നോ ആ അർത്ഥം തീർത്തും അല്ലായിരുന്നു. ആ ദിനങ്ങളിലെ ഭാഷയിൽ ആസ്തികനെന്നു വിളിച്ചത്, കർമ്മവും, കർമ്മഫലത്തിന്റെയും നൈസർഗ്ഗീക സിദ്ധാന്ത ത്തിന്റെ അസ്ഥിത്വത്തെ സ്വീകരിക്കുന്നവൻ, അവൻ ആസ്തികനാണ്, എന്നാൽ ആരെങ്കിലും ഇതിന്റെ അസ്ഥിത്വത്തെ സ്വീകരിക്കുന്നില്ല, ഏതു തരത്തിലുള്ള കർമ്മവും ചെയ്യുക – ചീത്ത കർമ്മത്തിന്റെ ഒരു ചീത്ത ഫലവും വരില്ല. നല്ല കർമ്മത്തിന്റെ നല്ല ഫലം വരില്ല – ഈത്തരത്തിലുള്ള വിചാരധാര ഏതൊരു വ്യക്തിക്കുണ്ടോ, അവനെ നാസ്തികനെന്നു വിളിച്ചിരുന്നു, മാത്രമല്ല ഇതാണ് സത്യമായ വ്യാഖ്യാനം, നന്മകാരിയായ വ്യാഖ്യാനം.

ചോദ്യം – മനുഷ്യ ജീവന്റെ ഉദ്ദേശമെന്താണ് ?

പ്രകൃതി, നിസ്സർഗം, അല്ലെങ്കിൽ ഇങ്ങനെ പറയാം – പരമാത്മാവ്, അള്ളാഹു മനുഷ്യന് ഒരു ഇത്ര വലിയ ശക്തി തന്നിട്ടുണ്ട്. അവൻ അന്തർമുഖനായിക്കൊണ്ട് സ്വന്തം വികാരങ്ങളെ നിഷ്കാസനം ചെയ്തു കൊണ്ട് പൂർണ്ണമായും വികാരവിമുക്തനാകാവുന്നതാണ് നിർമ്മല ചിത്ത നാകാവുന്നതാണ്, മഹാനാകാവുന്നതാണ്. സുഖ ശാന്തിക്ക് അധികാരിയാകാവുന്നതാണ്. തനിക്കും സുഖശാന്തി, മറ്റുള്ളവർക്കും സുഖശാന്തിക്കുള്ള നിർമ്മാണം ചെയ്യാവുന്നതാണ്. ഈ ജോലി കേവലം മനുഷ്യനെ ചെയ്യാൻ സാധിക്കൂ. അന്തർമുഖനായി വേരുകൾവരെ വികാരങ്ങളെ എടുത്തു കളയൽ, ഈ ജോലി കേവലം മനുഷ്യനെ ചെയ്യാൻ കഴിയൂ. ഏതെങ്കിലും പശു, പക്ഷിക്ക്, ചെയ്യാൻ കഴിയില്ല. ഏതെങ്കിലും ഇഴജന്തുക്കൾക്ക് ചെയ്യാൻ സാധിക്കില്ല. ഏതെങ്കിലും കീടത്തിനോ പക്ഷിക്കോ ചെയ്യാൻ കഴിയില്ല. ഏതെങ്കിലും പ്രേതപ്രാണിക്കോ ചെയ്യാൻ കഴിയില്ല. അയ്യോ, മനുഷ്യന്റെ പക്കൽ ഇത്ര വലിയ ശക്തി – മതി, ഈ ശക്തിയുടെ ഉപയോഗം ചെയ്യാൻ പഠിക്കണം. എന്നിട്ട് സ്വന്തം മനസ്സിനെ നിർമ്മലമാക്കി നല്ല ജീവൻ ജീവിക്കണം. സ്വയവും സുഖശാന്തിയുടെ ജീവൻ ജീവിക്കണം, മറ്റുള്ള വർക്കും സുഖശാന്തിക്കുള്ള വാതാവരണം നിർമ്മിക്കണം. എങ്കിൽ എല്ലാവർക്കും മംഗള മുണ്ടാകും. എല്ലാവർക്കും നന്മയുണ്ടാകും.

ചോദ്യം – വിശ്വത്തിനുള്ള താങ്ങളുടെ സന്ദേശമെന്താണ്

എന്തു സന്ദേശമാണുള്ളത്, ഭാരതത്തിന്റെ ഈ പുരാതന വിദ്യ, നന്മകാരിണിയായ വിദ്യ, സാർവ്വജനീനമായ വിദ്യ മുഴുവൻ വിശ്വസത്തിലും പരക്കണം. സർവ്വത്രം ദുഃഖം തന്നെ ദുഃഖം. ജാതിവാദത്തെപ്പറ്റി കലഹിച്ചുക്കൊണ്ടിരിക്കുകയാണ്. സമ്പ്രദായത്തെപ്പറ്റി കലഹിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷേത്രീയവാദത്തെപ്പറ്റി കലഹിച്ചുകൊണ്ടിരിക്കു കയാണ് കലഹം തന്നെ കലഹം. കലഹം തന്നെ കലഹം. മാത്രമല്ല എല്ലാം തന്നെ ധർമ്മത്തിന്റെ പേരിലാണ്. ശരിയായ ധർമ്മം എന്താണ് എന്ന് മനസ്സിലായാൽ – ഈ വിദ്യയുടെ കേന്ദ്രീയ തപോഭൂമികൾ മുഴുവൻ – വിശ്വത്തിൽ എത്തരത്തിൽ ഗ്രാമത്തോറും സ്കൂൾ ഉണ്ടാകേണ്ട ആവശ്യമുണ്ട്, കോളേജ് ഉണ്ടാകേണ്ട ആവശ്യമുണ്ട് – ഗ്രാമം തോറും ചികിത്സാലയത്തിന്റെ ആവശ്യമുണ്ട് ശരിക്കും ഇതെ പ്രകാരത്തിൽ ഗ്രാമം തോറും ഇത്തരം ഒരു തപോഭൂമി ഉണ്ടാകേണ്ട ആവശ്യമുണ്ട്. അവിടെ ജനങ്ങൾ പോയി ഈ വിദ്യ പഠിക്കണം. സ്വന്തം ചിത്തത്തെ നിർമ്മലമാക്കാൻ പഠിക്കണം. സ്വന്തം മംഗളവും നേടണം, മറ്റുള്ളവർക്കും മംഗളം ഉണ്ടാകണം. വലിയ ലോക നന്മയുണ്ടാകും, വലിയ ജനനന്മയുണ്ടാകും.

ഈ ദീർഘ പ്രവചനമാലയിലും, ഇന്നത്തെ ഈ ചോദ്യോത്തരവേളയിലും അറിഞ്ഞോ അറിയാതേയോ, ആഗ്രഹിച്ചോ ആഗ്രഹിക്കാതെയോ ഏതെങ്കിലും കാര്യം അത്തരത്തിൽ പറഞ്ഞി ട്ടുണ്ടെങ്കിൽ, അതിനാൽ ഏതെങ്കിലും ദർശകന്റെ ഏതെങ്കിലും ശ്രോതാവിന്റെ മനസ്സിന് ആഘാതം ഏറ്റിട്ടുണ്ടെങ്കിൽ, കൈകൂപ്പിക്കൊണ്ട് ക്ഷമായാചന, കൈകൂപ്പിക്കൊണ്ട് ക്ഷമായാചന, കൈകൂപ്പിക്കൊണ്ട് ക്ഷമായാചന

എല്ലാവർക്കും മംഗളമുണ്ടാകട്ടെ. എല്ലാ വർക്കും നന്മയുണ്ടാകട്ടെ. എല്ലാവർക്കും സ്വസ്ഥി മുക്തിയുണ്ടാകട്ടെ. എല്ലാവർക്കും സ്വസ്ഥി മുക്തിയുണ്ടാകട്ടെ.